

# മുല്ലപ്പെരിയാർ
# ജനലക്ഷങ്ങൾ മരണഭീതിയിൽ

സുലൈമാൻ.കെ.എം.

**കേരളത്തിൽ** ഇന്ന് ഏറെ വ്യാപകമായി ചർച്ചചെയ്യപ്പെടുന്ന വിഷയമാണ് മുല്ലപ്പെരിയാർ അണക്കെട്ടും അനുബന്ധപ്രശ്നങ്ങളും. കാലപ്പഴക്കം മൂലം ബലക്ഷയം നേരിടുന്ന അണക്കെട്ടുകളുടെ ലോകത്ത് ഈ മുതുമുത്തശ്ശി ജനസാന്ദ്രതയിൽ ഏറെ മുന്നിൽ നിൽക്കുന്ന കേരളത്തിലെ ഇടുക്കി, കോട്ടയം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ 40 ലക്ഷത്തിൽപ്പരം ജനങ്ങളുടെ ജീവനും സ്വത്തിനും ഒരു ദുരന്തഭീഷണി ഉയർത്തുന്നത്. അണക്കെട്ട് തകർന്നാൽ മദ്ധ്യകേരളത്തിന്റെ തകർച്ചയോടൊപ്പം തമിഴ്നാട്ടിലെ 5 ജില്ലകളിലെ ജനങ്ങൾ കുടിവെള്ളം കിട്ടാതെ മരിക്കും എന്നുള്ള സത്യവും നമ്മൾ കണ്ടില്ല എന്നു നടിക്കരുത്.

കേരളത്തിലെ ആദ്യത്തെ അണക്കെട്ടാണ് ശിവഗിരി മലനിരകളിൽ നിന്നും ഉത്ഭവിക്കുന്ന പെരിയാർ അണക്കെട്ട്. അണക്കെട്ടും വെള്ളവും കേരളത്തിന്റെ ഭൂമിയിലാണ്. വെള്ളം കൊണ്ടുപോകുന്നത് തമിഴ്നാട്. തേക്കടി വനത്തിൽ കൂടി ഒഴുകുന്ന പെരിയാറ്റിൽ 1885 ൽ ബ്രിട്ടീഷുകാരാണ് ഡാം നിർമ്മിച്ചത്. ഇത് അന്ന് തിരുവിതാംകൂർ ഭരണമേഖലയിൽ ആയിരുന്ന സ്ഥലം ആണ്. മുല്ലപ്പെരിയാറ്റിൽ ഡാം കെട്ടി വെള്ളം സംഭരിച്ച് തമിഴ്നാട്ടിലെ തേനി, മധുര ജില്ലകളിൽ കുടിവെള്ളത്തിനും കൃഷിക്കും ഉപയോഗിക്കുന്നതിനാണ് ആദ്യകാലങ്ങളിൽ കൊണ്ടുപോയത്. 1885 ൽ ഡാം നിർമ്മിച്ചത് ചുണ്ണാമ്പ്, ശർക്കര, ചുടുകട്ടപ്പൊടി എന്നിവയുടെ മിശ്രിതം ശുർക്കി എന്ന പേരിലാണ് ഡാം നിർമ്മാണത്തിന് ഉപയോഗിച്ചിരുന്നത്. 1885 ൽ പണിപൂർത്തിയാക്കിയതിനോടൊപ്പം കുമളിയിൽ നിന്നും തേക്കടി ബോട്ട് ലാൻഡ് റോഡിൽ 3 കിലോമീറ്റർ ദൂരം ചെല്ലുമ്പോൾ തമിഴ്നാട്ടിലേക്ക് ജലം കൊണ്ടുപോകുന്നതിന് 12 അടി വീതിയിൽ 5704 അടി നീളമുള്ള തുരങ്കവും ഉണ്ടാക്കി. തുരങ്കം തുടങ്ങുന്നത് മുതൽ പഴയ തിരുവിതാംകൂർ അധീനതയിൽപ്പെട്ട അപ്പർ ലോവർ ക്യാമ്പിൽ മിനി ഡാം നിർമ്മിക്കുകയും ഡാമിൽ ജലം ശേഖരിച്ച് കുടിവെള്ളത്തിനായി വേനൽക്കാലങ്ങളിൽ തമിഴ്നാട്ടിലേക്ക് എരച്ചിപ്പാലം വഴി കൊണ്ടു പോയിരുന്നു. 1985 ഒക്ടോബർ 7ന് മദ്രാസ് ഗവർണർ ലോഡ്വെൻലോക്ക് പദ്ധതി രാഷ്ട്രത്തിന് സമർപ്പിച്ചു. 85000 കോടി ക്യൂബിക് അടി വെള്ളമാണ് പ്രതിവർഷം തമിഴ്നാട്ടിൽ എത്തുന്നത്

തമിഴ്നാട്ടിലെ പഴയ മധുര, പെരിയകുളം ജില്ലകളിലെ ഭൂപ്രദേശങ്ങൾ കൃഷി ചെയ്യുവാൻ പറ്റിയ സ്ഥലങ്ങളല്ലായിരുന്നു. ഈ ജില്ലകളിലെ ലോവർ ക്യാമ്പ്, കൂടല്ലൂർ, കമ്പം, പാളയം, കെ.കെ.പെട്ടി, ആണ്ടിപ്പെട്ടി, ഉശലംപെട്ടി, തേനി, ചിന്നമന്നൂർ, വൈക, തേവാരം, ബോഡിനായ്ക്കന്നൂർ എന്നീ ചെറുഗ്രാമങ്ങളിൽ പ്രാകൃതരായിരുന്ന ജനങ്ങളാണ് വസിച്ചിരുന്നത്. ഈ ഭൂപ്രദേശങ്ങളിൽ ജനങ്ങളെക്കൊണ്ട് കൃഷി ചെയ്യിപ്പിക്കുകയും ദേശീയധാരയിലേക്ക് എത്തിക്കുകയും ചെയ്യുന്നതിനുവേണ്ടി അന്നത്തെ മദ്രാസ് ഗവൺമെന്റ് 1886 ൽ 999 വർഷത്തെ പാട്ടക്കാലാവധി നിശ്ചയിച്ച് തിരുവിതാംകൂർ മഹാരാജാവ് ശ്രീ വിശാഖംതിരുനാളും ഇന്ത്യാ ഗവൺമെന്റ് സ്റ്റേറ്റ് സെക്രട്ടറിയും തമ്മിൽ ഒപ്പു വച്ച കരാറിന്റെ അടിസ്ഥാനത്തിൽ കൃഷിക്കും കുടിവെള്ളത്തിനുമാണ് കരാർ. ഡാമിന്റെ അടിത്തട്ടിൽ നിന്നും 155 അടി ഉയരമാണ് ഇതിനുള്ളത്. 8000 ഏക്കർ ജലസംഭരണിക്കും 100 ഏക്കർ ഡാമിനും അനുബന്ധ സ്ഥാപനങ്ങൾക്കുമാണ് സ്ഥലം നൽകിയത്. ഇതിൽ ഒരു കയ്യേറ്റക്കാരനും ഉണ്ട്. 1886 ജനുവരി ഒന്നിനാണ് പാട്ടത്തിന് കൊടുത്തത്. 1930 ഓടുകൂടി ജലം ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ മദ്രാസ് സർക്കാർ പദ്ധതി തയ്യാറാക്കി. ഇതിനെ തിരുവിതാംകൂർ സർക്കാർ എതിർത്തു. അവിടെ വച്ച് തർക്കം തുടങ്ങി. തർക്കം പരിഹരിക്കുന്നതിന് ഇരു രാജ്യങ്ങളും രണ്ട് കമ്മീഷനുകളെ നിയമിച്ചു. കേരളത്തിന് വേണ്ടി ശക്തമായി വാദിച്ചത് തമിഴ്നാടുകാരനായ സർ. സി.പി. രാമസ്വാമി അയ്യരാണ്. പക്ഷെ തർക്കം പരിഹരിക്കപ്പെട്ടില്ല.അപ്പോൾ തർക്കം പരിഹരിക്കുവാൻ അമ്പയറെ നിയമിച്ചു. ജലസേചനത്തിന് മാത്രമാണെന്ന് പറഞ്ഞ് വ്യവസ്ഥ ചെയ്ത ജലം വൈദ്യുതി ഉത്പാദനത്തിന് കരാർ ലംഘനമാണെന്ന് അമ്പയർ വിധിച്ചു. തർക്കങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. ഇന്നത്തെ

ലേബർ ക്യാമ്പിൽ തമിഴ്നാട് വൈദ്യുതി നിലയം സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിച്ചുകൊണ്ടേയിരുന്നു. ഒടുവിൽ 1970 മെയ് മാസം 20 ന് അന്ന് സംസ്ഥാന മുഖ്യമന്ത്രിയായിരുന്ന ശ്രീ. അച്യുതമേനോൻ ഗവൺമെന്റ് നിയമസഭയിൽ ചർച്ചചെയ്യാതെ സംസ്ഥാന താൽപര്യങ്ങൾ ഒന്നും സംരക്ഷിക്കാതെ കേരള സർക്കാരും തമിഴ്നാട് സർക്കാരും ഒപ്പു വച്ചു. ഇവിടെ നിന്നുമാണ് വീഴ്ച തുടങ്ങിയത്. ഇതിനിടയിൽ ഡാമിന് ബലക്ഷയം ഉണ്ടായെന്ന് വിവരം ഉണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 1974, 78, 79 എന്നീ വർഷങ്ങളിൽ സെൻട്രൽ വാട്ടർ കമ്മീഷൻ പഠനം നടത്തി 1979 ൽ 136 അടി ജലം ഡാമിൽ നിലനിർത്തണം എന്ന് നിർദ്ദേശിക്കുകയും ഡാമിന് ബലക്ഷയം ഉള്ളതുകൊണ്ട് പുതിയ ഡാം നിർമ്മിക്കണമെന്നും അടിയന്തിരമായി നിലവിലുള്ള ശുർക്കി ഡാം ബലപ്പെടുത്തുവാൻ ആവശ്യപ്പെടുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഡാമിന്റെ മുകൾപ്പരപ്പിൽ നിന്നും ഒരറ്റം മുതൽ അങ്ങേ അറ്റം വരെ രണ്ടര അടി അകലത്തിൽ ഡ്രില്ല് ചെയ്ത് ഫൗണ്ടേഷനിൽ പാറ തുരന്ന് കമ്പി ഇറക്കി ടൈറ്റ് ചെയ്ത് കോൺക്രീറ്റ് ചെയ്യുവാനും നിലവിലുള്ള ശുർക്കി ഡാമിന് സപ്പോർട്ട് ഡാം കെട്ടുവാനും ബേബി ഡാം ബലപ്പെടുത്തുവാനും നിർദ്ദേശിച്ചു. ഡ്രില്ല് ചെയ്ത് കമ്പി ഇറക്കുന്നതിനുള്ള പണികൾ നടത്തിയപ്പോൾ ഡാമിന്റെ മദ്ധ്യഭാഗങ്ങളിൽപ്പെട്ട സ്ഥലങ്ങളിൽ ഉദ്ദേശം 80 അടിയോളം താഴ്ത്തിയപ്പോൾ ചെളിയും ജലവും ഉയർന്നു വന്നു. അവിടെ കമ്പി ഇറക്കാതെ കോൺക്രീറ്റ് മാത്രം ഇട്ടു നിറച്ചു. ഇതിന് മേൽനോട്ടം വഹിക്കുവാൻ കേരളത്തിനുവേണ്ടി ഒരു എഞ്ചിനീയറെ മാത്രം സർക്കാർ നിയമിച്ചു. പണിയിലെ അപാകതകൾ തമിഴ്നാട് ഉദ്യോഗസ്ഥരെ ബോദ്ധ്യപ്പെടുത്തിയപ്പോൾ പുതിയ ഡാം നമ്മൾ ഉടൻ നിർമ്മിക്കും എന്നാണ് അവർ പറഞ്ഞത്. ഇതിന്റെ അടിസ്ഥാനത്തിൽ 1980 ൽ കേരളത്തിലും തമിഴ്നാട്ടിലും ചർച്ചകൾ നടത്തുകയും വിദഗ്ദരായ എഞ്ചിനീയർമാർ സ്ഥലം പരിശോധിച്ച് നിലവിലുള്ള ഡാം ഡി കമ്മീഷൻ ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. പുതിയ ഡാം പണിയു ന്നതിന് കേരള സർക്കാർ തമിഴ്നാടിന് അനുമതിയും നൽകി. എന്നാൽ അവർ ചില സൂത്രപ്പണികൾ നടത്തി നമ്മളെ പറ്റിച്ചു. ഇതിന് കേരളത്തിലെ ചില രാഷ്ട്രീയ/ഉദ്യാഗസ്ഥന്മാർ കൂട്ടുനിൽക്കുകയും ചെയ്തു. 1980 മുതൽ 136 അടി ജലം ഡാമിൽ ക്ലിപ്തപ്പെടുത്തുകയും അതിന് മുകളിൽ വരുന്ന ജലം പെരിയാറ്റിലൂടെ ഒഴുകി ഇടുക്കി അണക്കെട്ടിൽ എത്തുകയും ചെയ്യുന്നത്. എന്നാൽ 1999 ൽ തമിഴ്നാട് സ്പിൽവേയിലേക്ക് കല്ലും മണ്ണും കൊണ്ട് ഉയർത്തി 140 അടി ആക്കി. ഇവിടെയും കരാർ ലംഘിച്ചു. സംസ്ഥാന സർക്കാരിന് ഇത് നീക്കം ചെയ്യുവാൻ സാധിച്ചില്ല എന്ന സത്യം അറിയണം, 1999 മുതൽ മുല്ലപ്പെരിയാർ വാർത്തകളിൽ നിറഞ്ഞു.

*(തുടരും)*

*മുല്ലപ്പെരിയാർ പഠനസമിതി, തേക്കടി, 9447937381*

**ലൈംഗിക സ്വയംനിർണ്ണയാവകാശ കൺവെൻഷൻ**

ലൈംഗികതയെക്കുറിച്ചുള്ള കേരളീയരുടെ സമീപനങ്ങളിൽ തിരുത്തലുകൾ ആവശ്യപ്പെട്ടുകൊണ്ട് ലൈംഗിക സ്വയം നിർണ്ണയാവകാശ കൺവെൻഷൻ ഡിസംബർ 20ന് തൃശൂർ സാഹിത്യ അക്കാദമിയിൽവെച്ച് നടക്കും. യാഥാസ്ഥിതികരായ സദാചാര മാഫിയയുടെ സംരക്ഷകരായ മതങ്ങളുടെയും രാഷ്ട്രീയ കക്ഷികളുടെയും നിലപാടുകളെ വിമർശിക്കുന്ന കൺവെൻഷൻ ബുദ്ധിശൂന്യമായ സദാചാര സങ്കൽപങ്ങൾ കാരണം പുറത്താക്കപ്പെട്ടവരുടെ മനുഷ്യാവകാശങ്ങൾക്ക് വേണ്ടി വാദിക്കുകയും ചെയ്യുന്നു.

*വിവരങ്ങൾക്ക് : പ്രസന്നൻ – 9349784196*


